**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 566** **28-01-2026-ൽ മറുപടിയ്ക്ക്**

**<u>നാദാപുരം മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** 2016 മുതൽ 2025 വരെ നാദാപുരം മണ്ഡലത്തിൽ കിഫ്ബി പദ്ധതി പ്രകാരം നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണ്;

**<u>മറുപടി:</u>** നാദാപുരം മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

**(ബി)** ആയതിൽ പൂർത്തീകരിച്ച പദ്ധതികൾ ഏതെല്ലാമെന്നും പൂർത്തീകരിക്കാനുള്ള പദ്ധതികൾ ഏതെല്ലാമെന്നും ഇനം തിരിച്ച് ലഭ്യമാക്കാമോ;

**<u>മറുപടി:</u>** നാദാപുരം മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

**(സി)** ഇനിയും പൂർത്തീകരിക്കാത്ത കിഫ്ബി പദ്ധതികൾ ഈ സർക്കാരിന്റെ കാലത്ത് തന്നെ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** പൂർത്തീകരിക്കുവാനുള്ള പദ്ധതികൾ ഈ സർക്കാരിന്റെ കാലത്തു തന്നെ പൂർത്തീകരിക്കുന്നതിന് വേണ്ടി പദ്ധതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിച്ച് മുന്നോട്ട് പോകുന്നതിനായി ബന്ധപ്പെട്ട പദ്ധതി നിർവഹണ ഏജൻസികൾ, ബഹുമാന്യരായ നിയമസഭാ സാമാജികർ, ഭരണ വകുപ്പ്, പദ്ധതി ആവശ്യപ്പെടുന്ന തരത്തിൽ ഉള്ള മറ്റു ഏജൻസികൾ, പദ്ധതി ബാധിതർ / ഉപയോക്താക്കൾ, കരാറുകാർ തുടങ്ങിയവരെ ഏകോപിപ്പിച്ച് കിഫ്ബി, ഭരണ വകുപ്പ് തലങ്ങളിൽ അവലോകന യോഗങ്ങൾ നടത്തി വരുന്നുണ്ട്.

**(ഡി)** നാദാപുരം മണ്ഡലത്തെയും കൂത്തുപറമ്പ് മണ്ഡലത്തെയും ബന്ധിപ്പിക്കുന്ന ഉരുത്തിമുക്ക്-കരിയാട്, കല്ലാച്ചേരി കടവ് പാലം എന്നീ പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ;

**<u>മറുപടി:</u>** **കിടഞ്ഞി ഉരുത്തിമുക്ക് പാലം**

പ്രസ്തുത പദ്ധതിയുടെ പദ്ധതി നിർവഹണ ഏജൻസി ആയ കെ ആർ എഫ് ബി സമർപ്പിച്ച റിപ്പോർട്ട് പ്രകാരം:

കണ്ണൂർ ജില്ലയിലെ കിടഞ്ഞി തുരുത്തിമുക്ക് പാലത്തിന് 31.10.2016 തീയതിയിലെ GO (Rt) No.1496/2016/PWD പ്രകാരം തത്വത്തിൽ 15 കോടി രൂപയുടെ ഭരണാനുമതിയും. 16.03.2019 തീയതിയിലെ PWD001-16/APR-1/2019/KIIFB ഉത്തരവ് പ്രകാരം കിഫ്ബിയിൽ നിന്നും 11.791 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട് 5.10.2019-ൽ 12.98 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി, വർക്ക് ടെൻഡർ ചെയ്ത് M/s ULCCS Pvt Ltd ന് 12.32 കോടി രൂപയ്ക്ക് കരാർ നൽകിയെങ്കിലും പാലത്തിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് കാലതാമസം നേരിട്ടതിനാൽ പ്രവൃത്തി വൈകിയതിനെ തുടർന്ന് കരാറുകാരൻ Price Escalation ആവശ്യപ്പെടുകയും, തുടർന്ന് കരാറുകാരനെ ഒഴിവാക്കി പ്രവൃത്തി foreclose ചെയ്യുകയും, ബാലൻസ് പ്രവൃത്തി ടെണ്ടർ ചെയ്യുകയുമാണുണ്ടായത്. അപ്രോച്ച് റോഡുകളുടെ സ്ഥലം ഏറ്റെടുപ്പ് പൂർത്തീകരിച്ച് സ്ഥലം ലഭ്യമാക്കിയതിനെ തുടർന്ന് ബാലൻസ് എസ്റ്റിമേറ്റിന്, 08.05.2023-ൽ 12.401 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി വർക്ക് ടെൻഡർ ചെയ്തു. ആദ്യത്തെ ടെൻഡർ സിംഗിൾ ബിഡ് ആയതിനാൽ റീ ടെൻഡർ ചെയ്തു രണ്ടാമത്തെ ടെൻഡറിൽ ULCCS ക്വോട്ട് ചെയ്ത തുക എസ്റ്റിമേറ്റ് തുകയേക്കാൾ 27% അധികമായതിനാൽ കെ ആർ എഫ് ബി യുടെ 45)൦-മത്തെ ടെൻഡർ അപ്രൂവൽ കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം വീണ്ടും റീ ടെൻഡർ ചെയ്തു. തുടർന്ന് മൂന്നാമത്തെ ടെൻഡറിലും ULCCS ക്വോട്ട് ചെയ്ത തുക എസ്റ്റിമേറ്റ് തുകയേക്കാൾ 27% അധികമായതിനാൽ സർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കുവാൻ കെ ആർ എഫ് ബി യുടെ 47-)൦മത്തെ ടെൻഡർ അപ്രൂവൽ കമ്മിറ്റി തീരുമാനിച്ചു. 21.11.2023 ൽ ടെൻഡർ സർക്കാരിനു സമർപ്പിക്കുകയും 04.04.2024 തീയതിയിൽ എസ്റ്റിമേറ്റ് പുനഃപരിശോധിച്ച് വീണ്ടും ടെൻഡർ ചെയ്യുവാനുള്ള നിർദ്ദേശം സർക്കാരിൽ നിന്നും ലഭിച്ചതിനെ തുടർന്ന് പുതുക്കിയ എസ്റ്റിമേറ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ. ആർ. എഫ്. ബി കണ്ണൂർ ഡിവിഷൻ സമർപ്പിക്കുകയും പ്രസ്തുത എസ്റ്റിമേറ്റ് കെ ആർ എഫ് ബി യുടെ 166 ാ മത്തെ ടെക്നിക്കൽ കമ്മിറ്റി പരിശോധിക്കുകയും, തുടർന്ന് അംഗീകാരം നല്കുകയും ചെയ്തു. അംഗീകരിച്ച എസ്റ്റിമേറ്റ് PRICE മുഖേന സാങ്കേതികാനുമതി നൽകി പുതുക്കിയ സാമ്പത്തികാനുമതി ക്കായി കെ ആർ എഫ് ബി കിഫ്ബിക്കു സമർപ്പിക്കുകയും ആയത് പരിശോധിച്ച് കിഫ്ബിയിൽ നിന്നും 03.01.2025 തീയ്യതിയിൽ 17.95 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി നൽകുകയും തുടർന്ന് ടെണ്ടർ ചെയ്ത പ്രവൃത്തി ULCCS Ltd ഏറ്റെടുക്കുകയും 29.09.2025 ന് കോൺട്രാക്ടർക്ക് സൈറ്റ് ഹാന്റ് ഓവർ ചെയ്ത് പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ഒരു വർഷമാണ്.

**കല്ലാച്ചേരിക്കടവ് പാലം**

പ്രസ്തുത പദ്ധതിയുടെ പദ്ധതി നിർവഹണ ഏജൻസി ആയ കെ ആർ എഫ് ബി സമർപ്പിച്ച റിപ്പോർട്ട് പ്രകാരം കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ തൃപ്പങ്ങോട്ടൂർ പഞ്ചായത്തിനെയും, കോഴിക്കോട് ജില്ലിയിലെ നാദാപുരം നിയോജകമണ്ഡലത്തിലെ തൂണേരി പഞ്ചായത്തിനേയും പരസ്പരം ബന്ധിപ്പിക്കുന്ന കല്ലാച്ചേരിക്കടവ് പാലം പ്രവൃത്തിക്ക് കിഫ്ബിയിൽ നിന്നും 12.02.2020 ന് 10.14 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ അനുബന്ധറോഡിന് ആവശ്യമായി വരുന്ന ഭൂമി RFCTLARR ACT 2013 പ്രകാരം ഏറ്റെടുക്കുന്നതിന് വേണ്ടിയുള്ള 6(1) വിജ്ഞാപനം 01.11.2022 തീയ്യതിയിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. എന്നാൽ കണ്ണൂർ ഭാഗത്തെ സ്ഥലം ഉടമകളുടെ എതിർപ്പ് കാരണം സ്ഥലം ഏറ്റെടുക്കൽ നടപടികൾ തുടങ്ങുവാൻ സാധിച്ചിട്ടുണ്ടായിരുന്നില്ല. സ്ഥലം സർവ്വേ ചെയ്തു മാർക്ക് ചെയ്യാൻ സ്ഥലം ഉടമകൾ സമ്മതിക്കാതിരുന്ന സാഹചര്യത്തിൽ പോലീസ് സേനയുടെ സഹായത്തോടെ സ്ഥലം മാർക്ക് ചെയ്യാൻ കെ.ആർ.എഫ്.ബി.യുടെ ഭാഗത്തു നിന്നും ശ്രമം നടത്തിയെങ്കിലും എതിർപ്പ് ശക്തമായതിനെ തുടർന്ന് വിഫലമാവുകയാണുണ്ടായത്.

പ്രസ്തുത വിഷയം ബഹുമാനപ്പെട്ട ജില്ലാ കളക്ടറുടെ ശ്രദ്ധയിൽപെടുത്തുകയും അദ്ദേഹം പുതിയ അലൈൻമെന്റിന്റെയും ഡിസൈനിന്റെയും സാധ്യത പരിശോധിക്കാൻ നിർദ്ദേശിക്കുകയുമുണ്ടായി. തുടർന്ന് പുതിയ അലൈൻമെന്റ് തയ്യാറാക്കി കെ ആർ എഫ് ബി പൊതുമരാമത്ത് ബ്രിഡ്ജ് ഡിസൈൻ വിങ്ങിനു സമർപ്പിക്കുകയും അവർ പുതുക്കിയ ഡിസൈൻ നല്കുകയുമുണ്ടായി. 07-10-2023 ന് ബഹു. കൂത്തുപറമ്പ നിയോജക മണ്ഡലം എം എൽ എ യുടെ നേതൃത്വത്തിൽ കണ്ണൂർ ഭാഗത്തും, 20-10-2023 ന് ബഹു. നാദാപുരം നിയോജക മണ്ഡലം എം എൽ എ യുടെ നേതൃത്വത്തിൽ കോഴിക്കോട് ഭാഗത്തും നടത്തിയ യോഗത്തിൽ മാറ്റം വരുത്തിയ അലൈമെന്റും ഡിസൈനും അവതരിപ്പിച്ച ബോധ്യപെടുത്തിയിരുന്നു. മീറ്റിംഗ് തീരുമാന പ്രകാരം 01-11-2023 മുതൽ അതിർത്തി കല്ലിടൽ പ്രവർത്തി ആരംഭിക്കുവാൻ തീരുമാനിക്കുകയും കല്ലിടൽ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. തുടർന്ന് 4(1) വിജ്ഞാപനം 16.05.2024 ന് പ്രസിദ്ധീകരിക്കുകയും സാമൂഹികാഘാത പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും, വിദഗ്ധ സമിതിയുടെ വിലയിരുത്തൽ റിപ്പോർട്ട് 27.02.2025 ന് ജില്ല കളക്ടർ കോഴിക്കോടിന് സമർപ്പിക്കുകയും 17.09.2025 ൽ 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ കോഴിക്കോട് എൽ.എ തഹസിൽദാറുടെ കീഴിൽ സബ് ഡിവിഷൻ സർവ്വെ പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. സർവ്വെ പ്രവൃത്തികൾ പൂർത്തീകരിച്ച് ഭൂമികളുടെയും നിർമ്മിതികളുടെയും വില നിർണ്ണയം നടത്തി പദ്ധതി ബാധിതർക്ക് നഷ്ടപരിഹാര തുക കൈമാറിയതിനുശേഷം പ്രവൃത്തിയുടെ ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് എത്രയും പെട്ടെന്ന് പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണെന്നാണ് കെ. ആർ. എഫ്. ബി. അറിയിച്ചിട്ടുള്ളത്.

ഭൂമികളും നിർമ്മിതികളും സംബന്ധിച്ച വില നിർണ്ണയം പൂർത്തിയാക്കിയതിന് ശേഷം, പ്രവൃത്തി നിർവഹണ ഏജൻസി സമർപ്പിക്കുന്ന DVR (Detailed Valuation Report) കിഫ്ബിക്ക് സമർപ്പിക്കും. കിഫ്ബി ഇത് പരിശോധിച്ച് അംഗീകരിച്ചതിന് ശേഷം നഷ്ടപരിഹാര തുക അനുവദിക്കുകയും വിതരണം ചെയ്യുകയും ചെയ്യും. തുടർന്ന് ഭൂമി ഏറ്റെടുക്കൽ നടപടികളുടെ അടുത്ത ഘട്ടമായി 19(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും, അതിന് ശേഷം നിർമാണ പ്രവർത്തനങ്ങൾക്കായുള്ള ടെൻഡർ നടപടികൾ ആരംഭിക്കുകയും ചെയ്യാവുന്നതാണ്.

**(ഇ)** കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട എടച്ചേരി-കുന്നുംചിറ -കായപ്പനച്ചി റോഡ് എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിലേക്കായി നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

**<u>മറുപടി:</u>** കായപ്പനച്ചി–കുന്നുംചിറ–എടച്ചേരി (പുതിയങ്ങാടി) റോഡിന്റെ വികസനത്തിനായി ₹18.97 കോടി രൂപയുടെ എസ്റ്റിമേറ്റ് പദ്ധതി നിർവഹണ ഏജൻസിയായ കെ.ആർ.എഫ്.ബി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത റോഡിന്റെ Detailed Project Report (DPR) ഇതുവരെ തയ്യാറാക്കിയിട്ടില്ല.

സമർപ്പിച്ച എസ്റ്റിമേറ്റിൽ, ഭൂമി ലഭ്യതയിലെ പരിമിതികൾ ചൂണ്ടിക്കാട്ടി പദ്ധതി റോഡിന്റെ Ch 0/000 മുതൽ Ch 3/775 വരെയുള്ള ഭാഗം 8 മീറ്റർ വീതിയിലും Ch 4/125 മുതൽ Ch 6/710 വരെയുള്ള ഭാഗം 10 മീറ്റർ വീതിയിലും വികസിപ്പിക്കുന്നതിനുള്ള പ്രൊപ്പോസലാണ് കെ.ആർ.എഫ്.ബി സമർപ്പിച്ചിരുന്നത്. ഇതനുസരിച്ച് DPR തയ്യാറാക്കുന്നതിനുള്ള അനുമതിയും കിഫ്ബിയിൽ നിന്നും തേടിയിരുന്നു.

പ്രസ്തുത നിർദ്ദേശം 31-07-2025 ലെ കിഫ്ബി സി ഇ ഓ അധ്യക്ഷനായ യോഗത്തിൽ ചർച്ച ചെയ്യുകയും കിഫ്ബി മാനദണ്ഡപ്രകാരമുള്ള വീതി പ്രസ്തുത റോഡ് വികസനത്തിന് ലഭ്യമല്ലാത്തതിനാൽ പദ്ധതി തൽക്കാലം പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

566

നാദാപുരം

| Sl. No | Department | Project Code | Sub Project Name | Project Outlay (Rs. In Crore) | SPV Name | LAC | District | Work Status |
|---|---|---|---|---|---|---|---|---|
| 1 | General Education | GED006-21 | Betterment of Infrastructure facilities in GHSS Velliyode | ₹ 4.04 | KILA | Nadapuram | Kasaragod, Kannur, Kozhikode, Palakkad, Malappuram, Thiruvananthapuram | work in progress |
| 2 | General Education | GED003-31 | Betterment of Infrastructure facilities in GLPS Koodalil | ₹ 1.28 | KILA | Nadapuram |  | Agreement Executed |
| 3 | General Education | GED005-22 | PPE Mission- Upgradation of school- Valayam Govt. H.S.S | ₹ 5.00 | KITE | Nadapuram | Kozhikode, Wayanad | Work Completed |
| 4 | General Education | GED008-26 | Betterment of infrastructure facilities GHSS Kallachi | ₹ 3.00 | WAPCOS | Nadapuram | Kozhikode | Work Completed |
| 5 | General Education | GED006-03 | Betterment of Infrastructure facilities in G.U.P.S Nadapuram | ₹ 2.99 | KILA | Nadapuram | Kozhikode | Work in Progress |
| 6 | Health & Family Welfare | HFW001-02 | Setting up of Dialysis Centre in THQH Nadapuram | ₹ 1.58 | Kerala Medical Services Corporation Limited (KMSCL) | Nadapuram | State wide | Work in progress |
| 7 | PWD | PWD004-26 | Improvements to Muttungal - Nadapuram - Pakramthalam road between Km 0/000 to 11/855 in Kozhikode District | ₹ 41.50 | KRFB | Nadapuram | Kozhikode | Work Completed |
| 8 | PWD | PWD013-06 | First reach from Pullavai to Thottillpalam Km 0/000 to 28/000 in Kozhikode District. | ₹ 110.67 | KRFB | Nadapuram | Kozhikode | Work in progress |
| 9 | PWD | PWD006-28 | Improvement to Kulangarath Nambithankund Valook Vilangad road KM 0/000 to 21/000 in Kozhikode District | ₹ 52.79 | KRFB | Nadapuram | Kozhikode | Work in progress |
| 10 | PWD | PWD006-29 | Improvement to Thottilpalam Kunduthode road from km 0/00 to 6/200 in Kozhikode District | ₹ 29.59 | KRFB | Nadapuram | Kozhikode | Work in progress |
| 11 | PWD | PWD001-16 | Construction of Kidanji Thuruthimukku bridge across Mayyazhi river connecting Kannur District and Kozhikkode District | ₹ 17.96 | KRFB | Kuthuparamba, Nadapuram | Kannur | Work in progress |

| Sl. No | Department | Project Code | Sub Project Name | Project Outlay (Rs. In Crore) | SPV Name | LAC | District | Work Status |
|---|---|---|---|---|---|---|---|---|
| 12 | PWD | PWD015-44 | IMPROVMENTS TO VATAKARA VILLIAPPALLY CHELAKKAD ROAD BETWEEN KM 0/000 TO 15/984 in KOZHIKODE DISTRICT | ₹ 77.21 | KRFB | Vatakara, kuttiady, Nadapuram | Kozhikode | Work in progress |
| 13 | PWD | PWD001-48 | KIIFB 2016-17-Construction of Kallacherikkadavu Bridge across Mayyazhi river connecting Trippagottur Panchayath in Kannur District and Thonneri Panchayath in Kozhikode District | ₹ 10.14 | KRFB | Kuthuparamba, Nadapuram | Kannur, Kozhikode | LA in progress |
| 14 | PWD | PWD013-40 | HILL HIGHWAY KUNHOME NIRAVILPUZHA THOTTILPALAM (STRETCH 2) POOTHAMPARA BRIDGE (CH: 13/986) TO THOTTILPALAM (CH: 21/211) 7.225 KM IN KOZHIKODE DISTRICT | ₹ 45.34 | KRFB | Nadapuram | kozhikode | LA in progress |
| 15 | PWD | PWD013-42 | Improvements to Thottilpalam Thalayad road in Kozhikkode District -"Mullankunnu to Peruvannamuzhi"-Stretch : III - 8.06 km | ₹ 38.40 | KRFB | Nadapuram | Kozhikode | Work Tendered |
| 16 | PWD | PWD013-43 | KIIFB-Hill Highway - IMPROVEMENTS TO THOTTILPALAM THALAYAD ROAD IN KOZHIKODE DISTRICT - "THOTTILPALAM TO MULLANKUNNU"- STRETCH IV - 6.4 km | ₹ 29.77 | KRFB | Nadapuram | Kozhikode | Work in progress |
| 17 | PWD | PWD013-38 | KIIFB - HILL HIGHWAY – KUNHOME – NIRAVILPUZHA– THOTTILPALAM (STRETCH 1) – CHUNKAKUTTY TO POOTHAMPARA BRIDGE CH: 8/520 TO CH: 13/986 (5.446 KM) IN KOZHIKODE DISTRICT | ₹ 38.47 | KRFB | Nadapuram | kozhikode | Work in progress |
| 18 | Registration | RGD007-02 | Cluster V - Construction of Sub Registrar office at Nadapuram | ₹ 1.10 | Kerala State Construction Corporation | Nadapuram | Kozhikode, Malappuram | Work Completed |
| 19 | Water Resources | WRD005-130 | Replacement of Transmission Mains in Kozhikode Circle | ₹ 38.86 | Kerala Water Authority (KWA) | Kunnamangalam, Vadakara, Nadapuram,Kalpetta,Sulthan Bathery, Perambra, Kuttiady | Kozhikode, Wayanad | Work Completed |